**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പുളിമാത്ത് ഗ്രാമപഞ്ചായത്ത്– ആഫീസ് സമുച്ചയം നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 1,09,80,000/- ( ഒരു കോടി ഒമ്പതു ലക്ഷത്തി എൺപതിനായിരം) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 2306 /13/തസ്വഭവ തിരുവനന്തപുരം, തീയതി: 11.09.2013.

================================================================

പരാമർശം:-1) സ.ഉ (എം.എസ്)നം.147/2009/തസ്വഭവ തീയതി 29.07.2009.

2) പുളിമാത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.12.2012-ലെ II ( 5-)o നമ്പർ തീരുമാനം.

3) പുളിമാത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.02 .2013-ലെ എ2-101/08 നമ്പർ കത്ത്.

4) കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 05.09.2012 ലെ കെ.യു.ആർ.ഡി.എഫ്.സി/ജി.പി/2012 നമ്പർ കത്ത്.

6) പഞ്ചായത്ത് ഡയറക്ടറുടെ 22.03.2013-ലെ എഫ്3-8102/13 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പുളിമാത്ത് ഗ്രാമപഞ്ചായത്ത് പുതിയ ആഫീസ് സമുച്ചയം നിർമ്മാണത്തിനായി 1,09,80,000/- (ഒരു കോടി ഒമ്പതു ലക്ഷത്തി എൺപതിനായിരം) രൂപ കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് മേൽ പരാമർശം മൂന്ന് (3) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം അഞ്ച് (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി വായ്പ അനുവദിയ്ക്കുന്നതിനുള്ള സമ്മതപത്രം പരാമർശം നാല് (4) പ്രകാരം കെ.യു.ആർ.ഡി.എഫ്.സിയുടെ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുളിമാത്ത് ഗ്രാമപഞ്ചായത്ത് ആഫീസ് സമുച്ചയം നിർമ്മാണത്തിനായി പുളിമാത്ത് വില്ലേജിലെ ബ്ലോക്ക് നം.35, റീസർവ്വേ നം.330/11-ൽ ഉൾപ്പെട്ട 02.85 ആർ ഭൂമിയും ബ്ലോക്ക് നം. 35-ൽ റീസർവ്വേ നം. 330/15-ൽ ഉൾപ്പെട്ട 01.37 ആർ ഭൂമിയും, റീസർവ്വേ നം.330/5-3 ൽ ഉൾപ്പെട്ട 00.78 ആർ ഭൂമിയും, റീസർവ്വേ നം.330/3-ൽ ഉൾപ്പെട്ട 04.75 ആർ ഭൂമിയും ഉൾപ്പെടെ

നൽകിക്കൊണ്ട്, പരാമർശം ഒന്ന് (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 12% പലിശ നിരക്കിൽ 1,09,80,000/- (ഒരു കോടി ഒമ്പതു ലക്ഷത്തി എൺപതിനായിരം) രൂപ വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം പുളിമാത്ത് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി. വൽസല**
ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പുളിമാത്ത് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ